**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- ജീവനക്കാര്യം - നഗരകാര്യ വകുപ്പ്- തിരുവനന്തപുരം നഗരസഭയിൽ സീനിയർ ക്ലാർക്ക് ശ്രീമതി എസ്.സുഖിലാ ജിജിയുടെ മാതാവിന്റെ ചികിത്സാചെലവ് റീ ഇംബേഴ്സ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 479/2017/തസ്വഭവ. തീയതി, തിരുവനന്തപുരം, 18.02.2017

പരാമർശം : നഗരകാര്യഡയറക്ടറുടെ 24.05.2016 തീയതിയിലെ ഡി.സി.1-22475/15 നമ്പർ കത്ത്.

**ഉത്തരവ്**

നഗരകാര്യ വകുപ്പ് തിരുവനന്തപുരം നഗരസഭയിൽ സീനിയർ ക്ലാർക്ക് ശ്രീമതി എസ്.സുഖിലാ ജിജിയുടെ മാതാവിന്റെ ക്യാൻസർ സംബന്ധമായ അസുഖത്തിന് കിംസ് ആശുപത്രിയിൽ നടത്തിയ ചികിത്സയ്ക്ക് ചെലവായ തുക ₹.27889/-, റീ ഇംബേഴ്സ്മെന്റായി അനുവദിക്കുന്നതിന് സർക്കാരിന്റെ പ്രത്യേകാനുമതിക്ക്, പരാമർശം പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നഗരകാര്യ വകുപ്പ് തിരുവനന്തപുരം നഗരസഭയിൽ സീനിയർ ക്ലാർക്ക് ശ്രീമതി എസ്.സുഖിലാ ജിജിയുടെ മാതാവിന്റെ ക്യാൻസർ സംബന്ധമായ അസുഖത്തിന് കിംസ് ആശുപത്രിയിൽ നടത്തിയ ചികിത്സയ്ക്ക് ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ സാക്ഷ്യപ്പെടുത്തിയ 27889/-രൂപയുടെ 80%, പ്രസ്തുത മെഡിക്കൽ ബില്ലുകളുടെ വാസ്തവികത,അർഹത,കൃത്യത എന്നിവ നഗരകാര്യ ഡയറക്ടർ പരിശോധിച്ച് ഉറപ്പുവരുത്തണമെന്ന വ്യവസ്ഥയിലും ടി തുക തിരുവനന്തപുരം നഗരസഭയുടെ തനതു ഫണ്ടിൽ നിന്നും കേരള ഗവൺമെന്റ് എംപ്ലോയീസ് മെഡിക്കൽ അറ്റൻഡൻസ് റൂൾസ് 1960 പ്രകാരം റീ ഇംബേഴ്സ് ചെയ്യുന്നതിന് തിരുവനന്തപുരം നഗരസഭാ സെക്രട്ടറിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**ഷിബു.എ.റ്റി**

അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, തിരുവനന്തപുരം നഗരസഭ (മെഡിക്കൽ ബില്ലുകൾ ഉൾപ്പെടെ)
ശ്രീമതി എസ്.സുഖിലാ ജിജി,സീനിയർ ക്ളർക്ക്, തിരുവനന്തപുരം നഗരസഭ
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Liya

സെക്ഷൻ ഓഫീസർ